പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3368 — 23.06.2014 -ൽ മറുപടിയ്ക്ക്

## ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ബിവറേജസ് കോർപ്പറേഷന്റെ ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>„ ബെന്നി ബെഹനാൻ<br>„ പി. എ. മാധവൻ<br>„ വി. ഡി. സതീശൻ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) ബിവറേജസ് കോർപ്പറേഷൻ, ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് സാമ്പത്തികസഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് എന്ന നിലയിൽ സാമ്പത്തിക സഹായം നൽകുന്നതിന് ഇതുവരെയും പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. |
| (ബി) എങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുവാനാണ് ഉദ്ദേശിക്കുന്നത് ; | (ബി) ബിവറേജസ് കോർപ്പറേഷന്റെ വരുമാനത്തിൽ നിന്നും സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന ലഹരിവിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ സാമ്പത്തിക സഹായം നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| (സി) ഇതിന്റെ ഭാഗമായി സർക്കാർ/സ്വകാര്യ ആശുപത്രികൾ കേന്ദ്രീകരിച്ച് ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ ; | (സി) നിലവിൽ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന സർക്കാർ/സർക്കാരിതര ലഹരി വിമുക്ത സ്ഥാപനങ്ങൾക്ക് കെ.എസ്.ബി.സി യുടെ വരുമാനത്തിൽ നിന്നും ധനസഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങളെന്തെല്ലാം? | (ഡി) | കെ.എസ്.ബി.സി യുടെ ധനസഹായത്തിന് അർഹമായ ലഹരി വിമുക്ത ചികിത്സാ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനായി ജില്ലാ കളക്ടർ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, ജില്ലാ സാമൂഹ്യനീതി ഓഫീസർ, ഒരു സാമൂഹ്യ പ്രവർത്തകൻ എന്നിവർ അംഗങ്ങളായി ജില്ലാ തല സമിതികളും, എക്സൈസ് കമ്മീഷണർ ചെയർമാനായും, കെ.എസ്.ബി.സി മാനേജിംഗ് ഡയറക്ടർ കൺവീനറായും, സാമൂഹ്യനീതി ഡയറക്ടർ, സാമൂഹ്യ പ്രവർത്തക എന്നിവർ അംഗമായും സംസ്ഥാന തല സമിതിയും രൂപീകരിച്ചിട്ടുണ്ട്. ഇതിനായി പ്രത്യേകം രൂപീകരിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലാതല സമിതിയുടെയും, സംസ്ഥാനതല സമിതിയുടെയും പരിശോധനകൾക്ക് ശേഷം ധനസഹായം നൽകുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ